(ഡി) കേന്ദ്രവിഹിതമായി 2015 മേയ് മാസത്തിൽ 997.108 മില്യൺ യൂണിറ്റ് വൈദ്യുതി ലഭിച്ചിട്ടുണ്ട്. 2015 മേയ് മാസത്തിൽ പവർ ട്രേഡർമാർവഴി 139.909 മില്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

വൈദ്യുതി കടിശ്ശിക ഇന

22 (5826) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ വൈദ്യുതി കടിശ്ശികവരുത്തിയ സ്ഥാപനങ്ങളിൽ 2011-12 മുതൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും എത്ര പേരുടെ കണക്ഷൻ കട്ടുചെയ്തു ; എത്രപേരുടെ കണക്ഷൻ ഏതെല്ലാം സർക്കാർ ഉത്തരവുകൾ പ്രകാരം കട്ടുചെയ്തില്ല ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പത്രമാധ്യമ മേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ വൈദ്യുതി കടിശ്ശിക വന്നിട്ടുണ്ട് ; എന്ത നടപടി സ്വീകരിച്ച 2011-12 മുതൽ നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) കടിശ്ശിക വരുത്തിയ ഏതെല്ലാം സ്ഥാപനങ്ങൾ/ഉപഭോക്താക്കളിൽനിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സർക്കാരും/വകുപ്പും എന്തനടപടികൾ സ്വീകരിച്ചുവെന്നും, ഇതിലൂടെ വികുപ്പിനുലഭിച്ച നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ ;

(ഡി) വിവിധ കോടതികളിലായി എത്ര കോടി ഇകയുടെ കടിശ്ശിക കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്നും, ഇവ കൈകാര്യം ചെയ്യാനായി വകുപ്പ് എന്ത നടപടികൾ സ്വീകരിച്ചുവെന്നും 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര ഇകയുടെ ചെലവുകൾ വകുപ്പിനുണ്ടായി എന്നും വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കേസ്സുകളിൽ 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ എത്ര ഇകയുടെ സ്റ്റേ അനുവദിച്ച ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

ആരോഗ്യവകുപ്പിന് കീഴിലുള്ള കിടത്തി ചികിത്സയുള്ള ആശുപത്രികൾ, വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ, പോലീസ് ഡിപ്പാർട്ടുമെന്റ് ഓഫീസുകൾ, കൃഷി ഭവൻമുഖേന പണമടയ്ക്കുന്ന കാർഷിക കണക്ഷനുകൾ, കേന്ദ്രീകൃതരീതിയിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പണമടയ്ക്കുന്ന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് കണക്ഷനുകൾ, ടൈബൽ കോളനികൾ, കോട്ടയം ജില്ലയിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘം എന്നിവയുടെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്തിട്ടില്ല.

(ബി) 31-3-2015-ലെ കണക്ക് പ്രകാരം കടിശ്ശികവരുത്തിയ പത്രമാധ്യമ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

ക്രമ നമ്പർ	ലഗസി നമ്പർ	സ്ഥാപനത്തിന്റെ പേര്	കടിശ്ശിക രൂപയിൽ
1	8/801	മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ളീഷിംഗ് കമ്പനി, കൊച്ചി	7471303
2	10/1056	രാഷ്ട്രദീപിക, കൊച്ചി	12765533
3	28/22/2255	മംഗളം പബ്ലിക്കേഷൻ, കോട്ടയം	10501697

മേൽ പരാമർശിച്ചിട്ടുള്ള കടിശ്ശിക തുകകൾ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വ്യവഹാരം നിലനിൽക്കുന്നതിനാൽ ഇവയുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുവാൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ തീർപ്പിനുവിധേയമായിമാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) കടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ച്, റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലകളിലായി എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന 122 സ്ഥാപനങ്ങളാണ് ഉള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽത്തന്നെ നിലവിൽ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസ്സുകളും ഉണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സർക്കിൾ കേന്ദ്രീകരിച്ച്, കളക്ടർ/തഹസിൽദാർ തലത്തിൽ നടക്കുന്ന അവലോകന യോഗത്തിൽ റിക്കവറി സമയബന്ധിതമായി നടത്തിയെടുക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നുണ്ട്. ഇത്തരം കേസ്സുകളിൽപ്പെട്ട ഉപഭോക്താക്കൾ ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിലൂടെ (കടിശ്ശിക പിരിച്ചെടുക്കാൻ പ്രഖ്യാപിക്കുന്ന പലിശ നിരക്കിൽ ഇളവുകൾ നൽകുന്ന പദ്ധതി) കടിശ്ശിക അടച്ച് റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവായിട്ടുണ്ട്. 2011 മുതൽ നാളിതുവരെ 5.76 കോടി രൂപ ഈ ഇനത്തിൽ എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽനിന്നും കിട്ടിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കപ്പെട്ട ഉപഭോക്താക്കളുടെ ലിസ്റ്റും പിരിച്ചെടുത്ത തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) എൽ.റ്റി. വിഭാഗത്തിൽ വിവിധ കോടതികളിലായി 4841.7 ലക്ഷം രൂപയുടെ കുടിശ്ശിക കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി ഉണ്ട്. 31-3-2015-ലെ ത്രൈമാസ കണക്കുപ്രകാരം എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ കേസ്സുകളിൽ ഉൾപ്പെട്ടിരിക്കുന്ന ആകെ തുക 346.26 കോടി രൂപയാണ്. വിവിധ കോടതികളിൽ നിലവിലുള്ള ഇത്തരം കേസ്സുകളുടെ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈക്കൊള്ളുന്നതാണ്.

2011-12 വർഷം മുതൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കേസ് നടത്തിപ്പിനായി ചെലവഴിച്ച തുക താഴെ കൊടുത്തിരിക്കുന്നു :

2011-12	₹ 44,66,000
2012-13	₹ 53,28,000
2013-14	₹ 47,28,000
2014-15	₹ 47,28,000
2015-16	₹ 23,64,000

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നത് തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

23 (5827) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSEB-യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു ; എത്ര പേർക്ക് ഇതിനകം നിയമനം നൽകി ;

(ബി) ലിസ്റ്റിൽ ഇനി എത്ര പേർ അവശേഷിപ്പിക്കുന്നുണ്ട് ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly